## പതിമൂന്നാം കേരള നിയമസഭ

## ഏഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ.3217 15.02.2013-ലെ മറുപടിക്ക്

### റോഡുകളുടെ സുരക്ഷയും ഗുണനിലവാരവും

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.കെ.വി. വിജയദാസ് | ശ്രീ. വി.കെ.ഇബ്രാഹിം കുഞ്ഞ് (പൊതുമരാമത്ത് വകുപ്പ് മന്ത്രി) |
| (എ). കേരളത്തിലെ റോഡുകളുടെ സുരക്ഷയും ഗുണനിലവാരവും മെച്ചപ്പെടുത്തുന്നതിനായി ഈ സർക്കാർ എന്തെല്ലാം നടപടികൾ സ്വീകരിച്ചു ; | (എ). കേരളത്തിലെ റോഡുകളുടെ സുരക്ഷയുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ പരിഹരിക്കുന്നതിനാവശ്യമായ അനുബന്ധ പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതിനായി പൊതുമരാമത്ത് വകുപ്പ് റോഡുകളുടെ സേഫ്റ്റി ആഡിറ്റ് നടത്തി 589.99 കോടി രൂപയുടെ പ്രാഥമിക റിപ്പോർട്ട് തയ്യാറാക്കിയിട്ടുണ്ട്. പ്രവർത്തികളുടെ ഗുണനിലവാരം മെച്ചപ്പെടുത്തുന്നതിനായി നിലവിലുള്ള ഗുണനിലവാര പരിശോധക സംഘത്തിനു പുറമെ 3 മേഖലകൾക്കായി (ദക്ഷിണ മേഖല, മദ്ധ്യ മേഖല, ഉത്തര മേഖല) 3 പ്രത്യേക ഉദ്യോഗസ്ഥ സംഘത്തെ ചുമതലപ്പെടുത്തി ഉത്തരവായിട്ടുണ്ട്. വർക്ക് സൈറ്റുകളിൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ മേൽനോട്ടം ഉണ്ടാകുന്നതിനായി മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിക്കുകയും വീഴ്ച വരുത്തുന്നവരുടെ പേരിൽ കർശന ശിക്ഷണ നടപടികൾ സ്വീകരിക്കുന്നതിനും നിർദ്ദേശിച്ചുകൊണ്ട് സർക്കാർ സർക്കുലർ പുറപ്പെടുവിച്ചിട്ടുണ്ട്. കെ.എസ്.റ്റി.പി.-യിൽ റോഡ് നിർമ്മാണത്തിന് ഉപയോഗിക്കുന്ന മെറ്റൽ, മണൽ, ബിറ്റുമെൻ മുതലായവ മുൻകൂട്ടി ലാബറട്ടറികളിൽ പരിശോധിച്ചതിനു ശേഷം മാത്രമാണ് റോഡു നിർമ്മാണത്തിന് ഉപയോഗിക്കുന്നത്. റോഡു നിർമ്മാണത്തിന്റെ വിവിധ ഘട്ടങ്ങളിൽ ഗുണ നിലവാര പരിശോധന നടത്തുന്നതിനു വേണ്ടി കരാർ വ്യവസ്ഥ അനുസരിച്ച് കരാറുകാരൻ തന്നെ ലാബറട്ടറി സജ്ജീകരിക്കേണ്ടതാണ്. നിർമ്മാണ പ്രവർത്തനങ്ങൾക്ക് മേൽനോട്ടം നൽകുന്ന |

എൻജിനീയർമാർക്ക് വേണ്ട പരിശീലനങ്ങൾ കൊടുക്കുന്നുണ്ട്. ഇതു കൂടാതെ ടെക്നിക്കൽ ഓഡിറ്റ് കൺസൾട്ടൻസികളെ ഏർപ്പെടുത്തി ടെക്നിക്കൽ ഓഡിറ്റ് നടത്തുന്നുണ്ട്. പണികളുടെ ബില്ലുകൾ കൊടുക്കുന്നതിന് മുമ്പ് എല്ലാ ഗുണപരിശോധന റിപ്പോർട്ടും പരിശോധിച്ച് ഗുണമേന്മ ഉറപ്പു വരുത്തിയാണ് ബിൽ തുക കൊടുക്കുന്നത്. വിദഗ്ധരായ കരാറുകാരെകൊണ്ട് ആധുനിക യന്ത്ര സാമഗ്രികൾ ഉപയോഗിച്ചാണ് കെ.എസ്.റ്റി.പി.-യിൽ പണികൾ പൂർത്തിയാക്കുന്നത്. IRC Specification-നും MORTH Data-യും പ്രകാരം അപ്ഗ്രേഡ് ചെയ്യുന്ന റോഡുകൾ 15 വർഷത്തെ കാലാവധി കണക്കാക്കി രൂപകൽപ്പന ചെയ്താണ് നിർമ്മാണം നടത്തുന്നത്. കെ.എസ്.റ്റി.പി.-യിൽ എല്ലാ പ്രവൃത്തികൾക്കും ഗുണനിലവാരം ഉറപ്പുവരുത്തുന്നുണ്ട്.

| | | | |
|---|---|---|---|
| (ബി). | ഇനി സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്ന നടപടികളുടെ വിശദവിവരങ്ങൾ ലഭ്യമാക്കുമോ; | (ബി). | മെച്ചപ്പെട്ട ഗതാഗത സൗകര്യം ഒരുക്കുന്നതിന്റെ ഭാഗമായി സംസ്ഥാനത്തെ 1000 കി.മീറ്റർ റോഡുകൾ അന്തർദേശീയ നിലവാരത്തിൽ പുനർ നിർമ്മിക്കുന്നതിനായി റോഡ് ഇൻഫ്രാസ്ട്രക്ചർ കമ്പനി ലിമിറ്റഡ് രൂപീകരിച്ച് പ്രവർത്തനമാരംഭിക്കുകയും, ലോക ബാങ്ക് സഹായത്തോടെ കെ.എസ്.ടി.പി. പദ്ധതികളുടെ രണ്ടാം ഘട്ടം പ്രവർത്തികൾ ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. |
| (സി) | റോഡുകൾ പുതിയതായി ടാർ ചെയ്താൽ ഉടൻ തന്നെ റോഡുകൾ വെട്ടിമുറിക്കുന്നതും കുഴിക്കുന്നതുമായ പ്രവൃത്തികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (സി). | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ഡി). | എങ്കിൽ എന്തെല്ലാം മാനദണ്ഡങ്ങൾക്കു വിധേയമായിട്ടാണ് ; പ്രസ്തുത നടപടികൾക്ക് അനുമതി നൽകുന്നതെന്ന് വ്യക്തമാക്കുമോ; | (ഡി). | സർക്കാർ ഉത്തരവ്(എം.എസ്.)നമ്പർ.18/ 2011/ പൊ.മ.വ., തീയതി: 01.03.2011 അനുസരിച്ച് മാനദണ്ഡങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്.(പകർപ്പ് ഉള്ളടക്കം ചെയ്തിട്ടുണ്ട്) |

| | | | |
|---|---|---|---|
| (ഇ). | ഇത് സമയബന്ധിതമായി റീ ടാർ ചെയ്യുന്നതിന് നടപടി സ്വീകരിക്കാത്തത് എന്ത് കൊണ്ട് എന്ന് വിശദമാക്കുമോ; | (ഇ). & (എഫ്). | നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കൂടാതെ റോഡിലെ കേബിളുകളും മറ്റും സ്ഥാപിച്ച് കഴിഞ്ഞ് പൂർവ്വസ്ഥിതിയിലാക്കുന്ന പ്രവർത്തികൾ സമയബന്ധിതമായി പൂർത്തിയാക്കുന്നു എന്നുറപ്പു വരുത്തുന്നതിനായി സർക്കാർ ഉത്തരവ്(എം.എസ്.)നമ്പർ12/2013/പൊ.മ.വ., തീയതി 23.01.2013 പ്രകാരം കേരളാ റോഡ് ഫണ്ട് ബോർഡിനെ നോഡൽ ഏജൻസിയായി പ്രഖ്യാപിക്കുകയും തുടക്കത്തിൽ തിരുവനന്തപുരം, കൊച്ചി, കോഴിക്കോട് നഗരങ്ങളിലെ പ്രവർത്തികൾ കേരളാ റോഡ് ഫണ്ട് ബോർഡിനെ ഏൽപ്പിച്ച് ഉത്തരവാകുകയും ചെയ്തിട്ടുണ്ട്. |
| (എഫ്). | ഇക്കാര്യത്തിൽ സമയബന്ധിതമായി നടപടി സ്വീകരിക്കാത്തവർക്കെതിരെ നടപടി സ്വീകരിക്കുമോ ? | | |

സെക്ഷൻ ഓഫീസർ

അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്